LIBRARY ARCHIVES Kerala Legislative Assembly

സൗജന്യമായി പൊതുമരാമത്ത് വകുപ്പിന് വിട്ടുനൽകിയിട്ടുണ്ട്. ഭരണാനുമതി ലഭിച്ച തുകയ്ക്കുള്ളിൽനിന്നുകൊണ്ട് അപ്രോച്ച് റോഡിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. മണ്ണ് പരിശോധനാ ഏജൻസി നൽകിയ റിപ്പോർട്ട് പ്രകാരം ഗ്യാബിയോൺ സംരക്ഷണ ഭിത്തിയുടെയും മണ്ണ് ഫില്ലിംഗിന്റെയും ഭാരംമൂലമാണ് ഭൂമിക്ക് സെറ്റിൽമെന്റുണ്ടായത്. ഈ പ്രതിഭാസം ആദ്യവർഷങ്ങളിൽ കൂടുതലും പിന്നീട് കുറഞ്ഞ് സന്തുലിതാവസ്ഥയിലേയ്ക്ക് എത്തുകയുമാണ് ചെയ്യുന്നത്. അതുമൂലമാണ് പള്ളിക്ക് സമീപമുള്ള സെമിത്തേരിയും കല്ലറകളും ചരിഞ്ഞുപോയത്. ഇത് പൂർവ്വസ്ഥിതിയിലാക്കുന്നതിനായി 25,58,040 രൂപ നഷ്ടപരിഹാരത്തുകയായി അനുവദിച്ചിട്ടുണ്ട്. ഇതിന്റെ എൽ.ഒ.സി. (ലെറ്റർ ഓഫ് ക്രെഡിറ്റ്) പ്രൊപ്പോസൽ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂട്ടനാട്ടിൽ നിലവിൽ നിർമ്മിക്കുന്ന പാലങ്ങൾ ഭൂപ്രകൃതിക്കനുസരിച്ചുള്ള ലാൻഡ് സ്പാൻ നിർമ്മിതിയിൽ രൂപകൽപ്പന ചെയ്യാനാണ് തീരുമാനിച്ചിരിക്കുന്നത്.

(4) ചെക്ക് ഡാം-കം-ബ്രിഡ്ജ് നിർമ്മാണം

ശ്രീ. എ. സി. മൊയ്തീൻ: സർ, കുന്നംകുളം, ഗുരുവായൂർ നിയോജക മണ്ഡലങ്ങളിലെ കാട്ടകാമ്പാൽ-വടക്കേക്കാട് പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്നതും ഈ രണ്ട് പഞ്ചായത്തിലുമുൾപ്പെടുന്ന പൊന്നാനി കോൾ കൃഷി മേഖലകളിലെ ജലവിതരണ സംവിധാനത്തിന് പ്രയോജനപ്പെടുന്നതുമായ കരിച്ചാൽകടവ് ചെക്ക് ഡാം-കം-ബ്രിഡ്ജിന്റെ നിർമ്മാണം 2018 ഡിസംബർ മാസത്തിൽ ആരംഭിച്ചതാണ്. കരാർ പ്രകാരം 05/2020-ൽ പ്രവൃത്തി പൂർത്തീകരിക്കാനായിരുന്നു വ്യവസ്ഥയെങ്കിലും അതിനായില്ല. 31-3-2021 വരെ കാലാവധി വീണ്ടും നീട്ടിനൽകിയെങ്കിലും പൂർത്തീകരിച്ചിട്ടില്ല. ഇക്കാര്യത്തിൽ കരാറുകാരന്റെ ഭാഗത്തുനിന്നും വലിയ അനാസ്ഥയാണ് ഉണ്ടായിട്ടുള്ളത്. നിർമ്മാണം പൂർത്തീകരിക്കാനുള്ള നടപടികൾ അടിയന്തരമായുണ്ടാകേണ്ടതുണ്ട്. ഇക്കാര്യത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരും വകുപ്പും കാര്യമായ ഇടപെടലുകൾ നടത്തേണ്ടതുണ്ട്. ഇക്കാര്യം അടിയന്തരമായി പരിശോധിക്കാനും നിർമ്മാണ പ്രവർത്തനം വേഗത്തിൽ പൂർത്തീകരിക്കാനുമാവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, 2019-ലാണ് കരിച്ചാൽകടവ് ചെക്ക് ഡാം-കം-ബ്രിഡ്ജിന്റെ നിർമ്മാണം ആരംഭിച്ചത്. ഈ പ്രവൃത്തി നടക്കുന്ന സ്ഥലം നൂറടിത്തോട് കോൾ മേഖലയായതിനാലും വെള്ളം നിറഞ്ഞ് നിൽക്കുന്നതിനാലും മാർച്ച് മുതൽ മേയ് മാസം വരെയാണ് പ്രവൃത്തികൾ നടക്കുന്നത്. ആദ്യ സീസണിൽത്തന്നെ പാലത്തിന്റെ പൈലുകളുടെ നിർമ്മാണം പൂർത്തീകരിച്ചിരുന്നു. അടുത്ത സീസണിൽ പ്രവൃത്തി ആരംഭിച്ചെങ്കിലും കോവിഡ് 19-ന്റെ ഭാഗമായി ലോക്ഡൗൺ നിലവിൽവന്ന സാഹചര്യത്തിൽ തൊഴിലാളികളുടെ

LIBRARY ARCHIVES Kerala Legislative Assembly

ലഭ്യതക്കുറവ് കാരണം തുടർനിർമ്മാണം നടത്താൻ സാധിച്ചില്ല. 2021 മാർച്ച് മാസം മുതൽ പാലത്തിന്റെ അപ്രോച്ച് റോഡിന്റെ ഫൗണ്ടേഷന്റെ ഭാഗമായ പ്രീകാസ്റ്റ് പൈലുകളുടെ നിർമ്മാണം പകുതിയോളം പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ പാലത്തിന്റെ നിർമ്മാണത്തിനാവശ്യമായ ഷീറ്റ് പൈലുകൾ സൈറ്റിൽ എത്തിച്ചിട്ടുണ്ട്. ലോക്ഡൗൺ നിലവിലുള്ളതിനാൽ ഷീറ്റ് പൈലുകൾ ഉറപ്പിക്കുന്നതിനാവശ്യമായ യന്ത്ര സാമഗ്രികൾ സൈറ്റിൽ എത്തിക്കാൻ സാധിച്ചില്ല. ഇക്കാരണങ്ങൾകൊണ്ടാണ് പ്രവൃത്തി തുടരുന്നതിന് കാലതാമസം നേരിട്ടത്. ഈ വരുന്ന സീസണിൽത്തന്നെ ശക്തമായ ഇടപെടലുകൾ നടത്തി, കുന്നംകുളം നിയോജകമണ്ഡലത്തിലെ കരിച്ചാൽകടവ് ചെക്ക് ഡാം-കം-ബ്രിഡ്ജിന്റെ നിർമ്മാണം പൂർത്തിയാക്കി ജനങ്ങൾക്ക് ഉപയോഗ പ്രദമാക്കുന്നതാണ്.

(5) എക്കൽമണ്ണ് നീക്കം ചെയ്യൽ

ശ്രീ. പി. നന്ദകുമാർ: സർ, നാല് നിയോജകമണ്ഡലങ്ങളുമായി ബന്ധപ്പെട്ട തിരൂർ-പൊന്നാനി പുഴയുടെ ഭാഗങ്ങളിൽ എക്കൽമണ്ണ് അടിഞ്ഞുകൂടിയതിന്റെ ഭാഗമായി എല്ലാ കാലവർഷങ്ങളിലും സമീപവാസികൾക്ക് ഒഴിഞ്ഞുപോകേണ്ട ഗതികേടാണുള്ളത്. ആയതിനാൽ പുഴയിലെ എക്കൽമണ്ണ് മാറ്റി സുഗമമായ രീതിയിൽ വെള്ളം ഒഴുകാനാവശ്യമായ സംവിധാനമുണ്ടാക്കുന്നതിന് ഗവൺമെന്റ് നടപടി സ്വീകരിക്കുമോ; ഇതുസംബന്ധിച്ച് മുമ്പെടുത്ത തീരുമാനങ്ങൾ നടപ്പാക്കാനാവശ്യമായ നടപടികൾ ബന്ധപ്പെട്ട വകുപ്പ് കൈക്കൊണ്ടിട്ടുണ്ടോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, കേരളത്തിലെ 44 നദികളിൽപ്പെട്ട തിരൂർപുഴ, തിരൂർ-പൊന്നാനി പുഴയെന്നും അറിയപ്പെടുന്നുണ്ട്. മലപ്പുറം ജില്ലയിലെ തിരൂർ താലൂക്കിലെ ആതവനാട് എന്ന സ്ഥലത്തുനിന്നാണ് തിരൂർ പുഴയുടെ ഉത്ഭവം. പുഴയുടെ പ്രാരംഭ ഭാഗത്തുനിന്നും തിരുനാവായ പ്രദേശംവരെ തെക്ക്-പടിഞ്ഞാറ് ഗതിയിൽ സഞ്ചരിച്ച് പിന്നീട് വടക്ക്-പടിഞ്ഞാറ് ദിശയിൽ ഗതിമാറി സഞ്ചരിച്ച് പടിഞ്ഞാറേക്കര അഴിമുഖത്ത് ഭാരതപ്പുഴയോട് ചേർന്ന് അറബിക്കടലിൽ പതിക്കുന്നു. നദിയുടെ ആകെ നീളം 45 കിലോമീറ്ററും ക്യാച്ച്മെന്റ് ഏരിയ 117 സ്ക്വയർ കിലോമീറ്ററുമാണ്. അറബിക്കടലിൽ ചേരുന്ന സ്ഥലത്തിന് ഏകദേശം 6 കിലോമീറ്റർ മുകളിലായി കുട്ടായി റെഗുലേറ്റർ നിലവിലുണ്ട്. ഇവിടെ നാവിഗേഷൻ വിഭാവന ചെയ്തിട്ടുണ്ട്. പതന ഘട്ടത്തിൽനിന്നും മുകൾ ഭാഗത്തേയ്ക്ക് 7 കിലോമീറ്റർ നീളമുള്ള ഈ പുഴ ദേശീയ ജലപാതയുടെ ഭാഗമാണ്. ദേശീയ ഹരിത ട്രൈബ്യൂണലിന്റെ ഉത്തരവ് പ്രകാരമുള്ള കേരളത്തിലെ മലിനീകരിക്കപ്പെട്ട 21 പുഴകളുടെ പട്ടികയിൽ തിരൂർ പുഴയും ഉൾപ്പെട്ടിട്ടുണ്ട്. തിരൂർ-പൊന്നാനി പുഴയുടെ അവസ്ഥ 2013 വരെ വളരെ ശോചനീയമായിരുന്നു. തിരൂർ നഗര പ്രദേശമുൾ